# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

# ബജറ്റ്

## 2026 - 2027

# ആമുഖം

പ്രിയമുള്ളവരെ,

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2026 വർഷത്തിൽ ചുമതലയേറ്റ ഭരണസമിതിയുടെ ഭരണ വർഷാരംഭത്തിൽ തയ്യാറാക്കിയ ബഡ്ജറ്റ് ആണ് അവതരിപ്പിക്കുന്നത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലത്ത് പ്രാദേശിക സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഗ്രാമങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കൊണ്ടുള്ള ബജറ്റിനാണ് രൂപം നൽകിയിരിക്കുന്നത്.

പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം ഉറപ്പുവരുത്തി, സാമൂഹ്യ ക്ഷേമത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കാണ് പഞ്ചായത്ത് മുൻഗണന നൽകുന്നത്. വിദ്യാർത്ഥികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, അധിദരിദ്ര്യർ, സ്ത്രീകൾ രോഗികൾ എന്നീ വിഭാഗങ്ങൾക്ക് പ്രക്യേക പരിഗണന നൽകിയിട്ടുണ്ട്. കളിസ്ഥല നിർമ്മാണം, മൃഗാശുപത്രി, ശ്മശാന നിർമ്മാണം, തരിശുനിലങ്ങൾ കണ്ടെത്തിഭവന നിർമ്മാണം തുടങ്ങിയ പ്രൊജക്ടുകൾ മിനി എംസിഎഫ് നിർമ്മാണം കമ്മ്യൂണിറ്റി ഹാൾ, പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, എല്ലാ വീടുകളിലും ബയോബിൻ നൽകൽ, പൊതു നിരത്തുകളിലെ മാലിന്യ നിർമാർജന യജ്ഞത്തോട് അനുബന്ധിച്ച് സിസിടിവി ക്യാമറകൾ സ്ഥാപിക്കൽ, എന്നിവയാണ് പഞ്ചായത്തിന്റെ നടപ്പു വർഷത്തിലുള്ള പ്രധാന പദ്ധതികൾ.

വനിതാ ഘടക പദ്ധതിയിൽ വ്യത്യസ്തമായ പ്രോജക്ടുകളും, ജെൻഡർ ബഡ്ജറ്റും കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ ആർജിച്ചിട്ടുള്ള നേട്ടങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് വകയിരുത്തി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുമായി സ്കോളർഷിപ്പുകളും ലാപ്ടോപ്പ് അനുബന്ധ പഠനോപകരണങ്ങൾ എന്നീ സഹായങ്ങളും പഞ്ചായത്ത് നൽകുന്നുണ്ട്. ഡയാലിസിസ് രോഗികളുടെ ചികിത്സ ഫണ്ടിലും ലഭ്യമായ തുക വകയിരുത്തിയിട്ടുണ്ട്.

പഞ്ചായത്തിന്റെ പരിമിതമായ വിഭവസ്രോതസ്സുകളിൽ നിന്നുകൊണ്ട് എല്ലാ മേഖലകളിലും സമസ്ത വികസനം ലക്ഷ്യമിടുന്ന ബജറ്റ് ആണ് 2026-27 വർഷത്തിലേക്ക് തയ്യാറാക്കിയിരിക്കുന്നത്.

വികസന പ്രവർത്തനങ്ങൾ നിറവേറ്റുന്നതിനായി എം.പി, എംഎൽഎ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തുടങ്ങിയ മേൽ ഘടകങ്ങളിൽ നിന്നും മറ്റു ഏജൻസികളിൽ നിന്നും സഹായസഹകരണങ്ങൾ ലഭ്യമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ വികസന മുന്നേറ്റത്തിന് ഒന്നായി അണിചേരാം, എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു,

ആശംസകൾ നേർന്നുകൊണ്ട്.

**ജെർളി കപ്രശ്ശേരി**
പ്രസിഡന്റ്
ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്
# ബജറ്റ് 2026-27

ബഹുമാന്യരെ,

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ 2026 ൽ നിലവിൽ വന്ന ഭരണസമിതിയുടെ കന്നി ബജറ്റ് ആണ് അവതരിപ്പിക്കുന്നത്.

കടന്നുവരുന്ന അഞ്ചുവർഷകാലയളവിൽ പഞ്ചായത്തിൽ സമഗ്രമായ മാറ്റങ്ങൾ എല്ലാ മേഖലയിലും സാധ്യമാവണമെന്ന ഉദ്ദേശത്തോടെയാണ് ഈ ബജറ്റ് അവതരിപ്പിക്കുന്നത്. വികസനോത്മുഖമായ പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ടും അനുബന്ധ മേഖലകളിൽ പുരോഗതിയും ലക്ഷ്യമാക്കുന്ന രീതിയിലാണ് ബജറ്റ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.

സംസ്ഥാന സർക്കാർ പഞ്ചായത്തിൽ ലഭ്യമാക്കുന്ന ഗ്രാൻഡുകൾ, കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടുകൾ, സംസ്ഥാനവിഷ്കൃത പദ്ധതികൾ, വിവിധ വകുപ്പുകളുടെ ഫണ്ടുകൾ, പഞ്ചായത്തിന്റെ തനത് വരുമാനം എന്നിവയാണ് പഞ്ചായത്തിൻറെ വിഭവ സ്രോതസ്സുകൾ.

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ പാദത്തിൽ അവതരിപ്പിക്കുന്ന ബജറ്റിൽ എല്ലാ പദ്ധതികളുടെയും സർവ്വോന്മുകമായ വളർച്ചയാണ് ലക്ഷ്യമിടുന്നത്. കാർഷിക മേഖലയുടെ പുരോഗതിക്കും, മാലിന്യ സംസ്കരണ മേഖലയിലും, പട്ടികജാതി ക്ഷേമത്തിനും, വനിതാ ക്ഷേമത്തിനും, ആരോഗ്യ മേഖലയ്ക്കും, സാമൂഹ്യ സുരക്ഷാ മേഖലയ്ക്കും, വിദ്യാഭ്യാസ മേഖലയ്ക്കും, പ്രാധാന്യം നൽകുന്ന ഈ ബഡ്ജറ്റ് പഞ്ചായത്തിന്റെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്.

2026-27 വർഷത്തെ ഈ ബജറ്റ് ചെങ്ങമനാട് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ നാഴികക്കല്ലായി തീരുന്ന വിധത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

## പ്രധാന വകയിരുത്തലുകൾ/പദ്ധതി നിർദ്ദേശങ്ങൾ

### 1. ഭവന നിർമ്മാണ പദ്ധതി

ഭൂരഹിത-ഭവനരഹിത ലിസ്റ്റിലുള്ള ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ത്തിന് സഹായം നൽകുന്നതിനായി മൂന്ന് കോടി രൂപ ഭവന നിർമ്മാണ മേഖലയിൽ വകയിരുത്തിയിട്ടുണ്ട്.

## 2. കാർഷിക മേഖല

ചെങ്ങമനാട് ഗ്രാമപഞ്ചായത്തിന്റെ നട്ടെല്ലായി പ്രവർത്തിക്കുന്ന കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകിയാണ് ബജറ്റ് വിഹിതം നിശ്ചയിച്ചിരിക്കുന്നത്. വാഴ കൃഷി വികസനത്തിന് 7 ലക്ഷം രൂപയും, നെൽകൃഷി വികസനത്തിന് 4 ലക്ഷം രൂപയും, പച്ചക്കറി കൃഷി വികസനത്തിന് 1,50,000/-രൂപയും വകയിരുത്തിയിട്ടുണ്ട്.

മറ്റു സംയോജിത കൃഷികളുടെ വികസനം എന്നിവയ്ക്ക് ഉൾപ്പെടെ ഉൽപാദന മേഖലയ്ക്ക് ആകെ 50000/- രൂപ വകയിരുത്തിയിട്ടുണ്ട്.

## 3. ആരോഗ്യ മേഖല

കോക്ലിയർ ഇമ്പ്ലാന്റേഷന് 2 ലക്ഷം രൂപ അനുവദിച്ചു. സി എച്ച് സി സബ് സെന്റർ ദൈനംദിന ചിലവിന് 50000/- രൂപ വകയുരുത്തി പകർച്ചവ്യാധി വ്യാപനം തടയുന്നതിനായി ഒരു ലക്ഷം രൂപ, അതിദരിദ്രർക്ക് മരുന്നു വാങ്ങാൻ 25000/- രൂപ ജില്ലാ സമഗ്ര ക്യാൻസർ നിർമാർജനത്തിന് 50000 രൂപയും വകയിരുത്തി. ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായത്തിന് 10 ലക്ഷം രൂപയും വകയിരുത്തി. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ ഡിപ്പാർട്ട്മെന്റിന് 10,23,650/- രൂപ വകയുരുത്തി.

ഹോമിയോ ഡിസ്പെൻസറി മരുന്നുവാങ്ങൽ 2 ലക്ഷം രൂപ, ആയുഷ് ഹോമിയോ ഡിസ്പെൻസറി 50000/- രൂപ, ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ 12 ലക്ഷം രൂപ, ആയുർവേദ ഡിസ്പെൻസറി ദൈനംദിന ചിലവുകൾക്ക് 1 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തി.

## 4. മാലിന്യ നിർമാർജനം

ക്ലീൻ കേരള കമ്പനിക്ക് വിഹിതം നൽകൽ 26 ലക്ഷം രൂപ ബയോ ബിൻ വിതരണം 5 ലക്ഷം രൂപ, ഹരിതമസേന പ്രവർത്തനങ്ങൾ 2 ലക്ഷം രൂപ വിവിധ വാർഡുകളിലെ കാനുകൾ തോടുകൾ കുളങ്ങൾ വൃത്തിയാക്കൽ, 14,15,000/- രൂപ എന്നിങ്ങനെ വകയിരുത്തിയിട്ടുണ്ട്.

## 5. വിദ്യാഭ്യാസം, കല, സംസ്കാരം

കപ്രശ്ശേരി സ്കൂളിലേക്ക് സാനിറ്ററി പാഡ് വെൻഡിങ് മെഷീൻ 25000/- രൂപ. സ്കൂളുകളിലേക്ക് സ്മാർട്ട് ക്ലാസ്സ് റൂം, ബോർഡ്, ലാപ്ടോപ്പ്, പ്രിൻറർ,സ്കാനർ, എന്നിവയ്ക്ക് 10 ലക്ഷം രൂപ, ഭിന്നശേഷി കലോത്സവം 75000/- അംഗനവാടികൾക്ക്

വെയിംഗ് മെഷീൻ, സീലിംഗ് 50000/- രൂപ അംഗണവാടികൾക്ക് ഓഫീസ്, കസേര ഒരു ലക്ഷം രൂപ, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ 2 ലക്ഷം രൂപ, SSK വിഹിതം ജനറൽ 5 ലക്ഷം രൂപ, SSK വിഹിതം SC 2.5 ലക്ഷം രൂപ, ചെങ്ങമനാട് പഞ്ചായത്ത് സർക്കാർ സ്കൂളുകളുടെ ദൈനംദിന ചിലവ് ഒന്നരലക്ഷം. ഡിജി കേരളത്തിന് രണ്ടു ലക്ഷം രൂപയും വകയിരുത്തി.

## 6. പശ്ചാത്തല മേഖല

കൃഷിഭവൻ മെയിൻറനൻസ് 2 ലക്ഷം രൂപ ആയുർവേദ ഡിസ്പെൻസറി മെയിന്റനൻസ് 2 ലക്ഷം രൂപ, അങ്കണവാടികളുടെ മെയിന്റനൻസ് 13 ലക്ഷം രൂപ, സ്കൂൾ മെയിൻറനൻസ് 12 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തി.

## 7. സാമൂഹ്യ സുരക്ഷിതത്വം

വയോജനങ്ങൾക്ക് കട്ടിൽ ജനറൽ 4,13,250/- , SC-1,65,300 രൂപ, സ്ത്രീകളുടെ സാമൂഹ്യ പരമായ ഉന്നമനത്തിനായി സ്ത്രീ സുരക്ഷാ പദ്ധതി നടപ്പാക്കി, കമ്മ്യൂണിറ്റി വുമൺ ഫെസിലിറ്റേറ്റർ, ഒരു ലക്ഷം രൂപ വകയിരുത്തി.

## 8. പട്ടികജാതി ക്ഷേമം

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും 7,60,000/- SC വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം 4 ലക്ഷം രൂപ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹത്തിന് മാതാപിതാക്കൾക്ക് ധനസഹായം 6,25,000/- രൂപ ലാപ്ടോപ്പ് 6 ലക്ഷം രൂപ എന്നിങ്ങനെ വകയിരുത്തി.

## 9. VB-G-RAM (G)

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ നവീകരിച്ച പേരാണ് VB-G-RAM (G)_. ഈ തൊഴിലുറപ്പ് പദ്ധതി പ്രകാരം അടുത്ത സാമ്പത്തിക വർഷം 46,170 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും, വിവിധ പദ്ധതികൾക്കായി 1344 പദ്ധതികൾക്കായി 15,60,71,080 രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുള്ളതുമാണ്.

## 10. ജെൻഡർ ബജറ്റ്

ലിംഗ പഠന പദ്ധതിക്കായി ഐ സി ഡി എസ് പ്രോജക്ട് പ്രകാരം 3 ലക്ഷം രൂപ വകയിരുത്തി. ജൻഡർ റിസോഴ്സ് സെന്റനൻസിനായി ഒരു ലക്ഷം രൂപ വകയിലെത്തി.

പ്രിയമുള്ളവരെ,

വികസനത്തിന്റെ കാര്യത്തിൽ എന്നും മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് ചെങ്ങമനാട് പഞ്ചായത്ത്. സാമൂഹ്യ സാമ്പത്തിക രംഗത്ത് പുതിയ പദങ്ങളിലൂടെ ഇനിയും നമുക്ക് ബഹുദൂരം സഞ്ചരിക്കാൻ ഉണ്ട്. പരിമിതമായ വിഭവ സ്രോതസ്സുകൾ ഉപയോഗിച്ചും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചും നിർബന്ധിത വകയിരുത്തലുകൾ നടത്തിക്കഴിഞ്ഞ് ലഭ്യമായ ഫണ്ട് ഉപയോഗിച്ച് ഏറ്റവും അത്യാവശ്യമായി പൂർത്തീകരിക്കേണ്ട പദ്ധതികളാണ് നടപ്പ് വർഷം ഏറ്റെടുത്തിട്ടുള്ളത്.

2026-27 സാമ്പത്തിക വർഷത്തിലേക്ക് 278809900 രൂപ വരവും 261976461 രൂപ ചെലവും 16833439 രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബജറ്റ് ചർച്ചചെയ്ത് പൂർണ്ണത നൽകി അംഗീകരിക്കുന്നതിനായി അവതരിപ്പിച്ചു കൊള്ളുന്നു.

(ഒപ്പ്)

**സജീന എ.എച്ച്.**

വൈസ് പ്രസിഡന്റ്/ധനകാര്യ സ്ഥിരം സമിതി

ചെങ്ങമനാട്

03/03/2026

# ചെങ്ങമനാട് ഗ്രാമപഞ്ചായത്ത്

| | | | |
|---|---|---|---|
| | **ശീർഷകം** | | |
| | **ഓപ്പണിങ് ബാലൻസ്** | | 33916849 |
| 1 | ആകെ നികുതി വരുമാനം | 20626500 | |
| 2 | ഫീസും ഉപയോക്തൃ നിരക്കുകളും | 6409400 | |
| 3 | ആകെ വിൽപ്പന, വാടക നിരക്കുകൾ | 933500 | |
| 4 | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | 109537000 | |
| 5 | ആകെ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം | 1122000 | |
| 6 | ആകെ പലിശ വരുമാനം | 1100000 | |
| 7 | ആകെ വാടക വരുമാനം | 16500 | |
| 8 | മറ്റു വരുമാനം | 0 | |
| | **ആകെ വരുമാനം** | | 139744900 |
| 9 | ദുരിതാശ്വാസ ഫണ്ട് | 25000 | |
| 10 | ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ | 121940000 | |
| 11 | ആകെ സുരക്ഷിത വായ്പകൾ | 15000000 | |
| 12 | ആകെ ലഭിച്ച നിക്ഷേപങ്ങൾ | 700000 | |
| 13 | വീണ്ടെടുക്കൽ | 0 | |
| 14 | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 1800000 | |
| | **ആകെ മൂലധന രസീത്** | | 139465000 |
| | **ആകെ രസീതുകൾ** | | **278809900** |
| | | | |
| 15 | ആകെ സ്ഥാപന ചെലവുകൾ | 31533000 | |
| 16 | ആകെ ഭരണപരമായ ചെലവുകൾ | 7101000 | |
| 17 | ആകെ പ്രവർത്തനവും പരിപാലനവും | 9599000 | |
| 18 | ആകെ പലിശയും ധനകാര്യ നിരക്കുകളും | 130000 | |

| | | | |
|---|---|---|---|
| 19 | ആകെ പ്രോഗ്രാം ചെലവുകൾ | 25200000 | |
| 20 | ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ | 84740000 | |
| 21 | ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 14578997 | |
| 22 | ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ | 60257302 | |
| 21 | ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ | 1350000 | |
| | **ആകെ റവന്യൂ ചെലവ്** | | **234489299** |
| 22 | ആകെ പ്രോഗ്രാം ചെലവുകൾ | 14578997 | |
| 23 | ആകെ നിക്ഷേപങ്ങളുടെ റീഫണ്ട് | 700000 | |
| 24 | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | 200000 | |
| | മറ്റ് സ്ഥിര ആസ്തികൾ | 4000000 | |
| 25 | ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ | 1800000 | |
| 26 | **ആകെ മൂലധനച്ചെലവ്** | | 55602000 |
| 27 | **ആകെ വരവ്** | | 278809900 |
| | **ആകെ ചെലവ്** | | **265136461** |
| | **ബാലൻസ്** | | **13673439** |